# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4751 — 19/05/2017-ൽ മറുപടിയ്ക്ക്

## വിനാശകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിനാശകരമായ മരങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വ്യാപകമായി വച്ചുപിടിപ്പിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വളരെ മുമ്പ് നട്ടു പിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം എന്നിവയുടെ വിത്തുകൾ സ്വഭാവികമായി മുളച്ചതിന്റെ ഫലമായി ചിലയിടങ്ങളിൽ കൂട്ടമായി നിലനിൽക്കുന്നുണ്ട്. |
| ബി) എങ്കിൽ അവ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പ് തലത്തിൽ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ